# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം

നമ്പർ.3409

20.06.2018-ൽ മറുപടിക്ക്

**അസിസ്റ്റന്റ് ഗ്രേഡ് തസ്തിക റാങ്ക് ലിസ്റ്റ് കാലാവധി നീട്ടുവാൻ നടപടി**

ചോദ്യം

ശ്രീ.കെ.എസ്.ശബരീനാഥൻ

ഉത്തരം

പിണറായി വിജയൻ

മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ കമ്പനി /ബോർഡ്/ കോർപ്പറേഷനുകളിലേക്ക് അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേയ്ക്ക് 490/2011 വിജ്ഞാപനപ്രകാരം പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റ് എന്നേയ്ക്ക് കാലാവധി തീരും എന്ന് അറിയിക്കാമോ ; | (എ) | റാങ്ക് പട്ടികയുടെ സ്വാഭാവിക കാലാവധി 28.09.2018 ന് അവസാനിക്കുന്നതാണ്. |
| (ബി) | ഈ റാങ്ക് ലിസ്റ്റിൽ നിന്നും കെ.എസ്.ആർ.ടി.സി.യിലേക്കുള്ള നിയമനം നാല് മാസത്തോളമായി നിലച്ചിരുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഗണിച്ച് റാങ്ക് ലിസ്റ്റ് നാല് മാസത്തേയ്ക്ക് കൂടി നീട്ടുവാൻ നടപടി സ്വീകരിക്കുമോ; | (ബി) യും (സി) യും | ബഹു. കേരള ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി. യിൽ നിന്ന് റിപ്പോർട്ട് ചെയ്ത ജൂനിയർ അസിസ്റ്റന്റിന്റെ 209 NJD ഒഴിവുകളിൽ ബഹു. ഹൈക്കോടതിയുടെ അന്തിമ വിധിക്ക് ശേഷം മാത്രമേ ടി ഒഴിവുകൾ നികത്തുന്നതു സംബന്ധിച്ച തീരുമാനം പി.എസ്.സി. കൈക്കൊള്ളാൻ കഴിയൂ. നിയമനം നിലച്ച സാഹചര്യം നിലവിലില്ല. റാങ്ക് പട്ടികയുടെ കാലാവധി ദീർഘിപ്പിക്കുന്ന വിഷയം പരിഗണനയിലില്ല. ഒഴിവുകൾ യഥാസമയം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | നിലവിൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലെ മുഴുവൻ ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; | | |
| (ഡി) | സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ അസിസ്റ്റന്റ് ഗ്രേഡ് II ഒഴിവുകൾ പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നികത്തണമെന്ന തീരുമാനം എടുത്തിട്ടുണ്ടോ; | (ഡി) യും (ഇ) യും | ഇല്ല. മലിനീകരണ നിയന്ത്രണ ബോർഡിൽ പി.എസ്.സി.മുഖേന നിയമനം നടത്തുന്നതിന് റിക്രൂട്ട്മെന്റ് റൂൾസ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) | ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ് ; എത്ര ഒഴിവുകൾ നിയമനത്തിനായി റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; വിശദ വിവരം ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ